"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി ഓഫീസറായ ശ്രീ ഹെൻറി നിക്കോളാസ് -ന് അനുവദിച്ച ശൂന്യവേതനാവധിയിൽ ഉപയോഗിക്കാത്ത കാലയളവ് റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.336/2024/AGRI തീയതി,തിരുവനന്തപുരം, 06-04-2024

---

പരാമർശം:-
1. സ.ഉ.(സാധാ)നം.1071/2019/കൃഷി തീയതി 14/11/2019
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 11/06/2020 ലെ SD(2) 10239/20 നമ്പർ ഉത്തരവ്
3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 26/12/2023 ലെ ADFW/14384/2023-SD2 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ തൃശ്ശൂർ ജില്ലയിലെ കടപ്പുറം കൃഷി ഭവനിലെ കൃഷി ഓഫീസറായ ശ്രീ. ഹെൻറി നിക്കോളാസ് -ന് ആസ്ത്രേലിയയിലെ ടാൻസാനിയ യൂണിവേഴ്സിറ്റിയിലെ ഉപരിപഠനം പൂർത്തിയാക്കുന്നതിന് വേണ്ടി 23.05.2019 മുതൽ 19.07.2020 വരെ കെ.എസ്.ആർ ഭാഗം I അനുബന്ധം XII B പ്രകാരം പരാമർശം (1) പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു.

2. എന്നാൽ ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, പരാമർശം (2) ഉത്തരവ് പ്രകാരം അവധി കാലയളവ് തീരുന്നതിനു മുൻപ് 22/06/2020 ന് ടിയാളെ ജോലിയിൽ പുനഃപ്രവേശിച്ചിട്ടുണ്ടെന്നും അനുവദിക്കപ്പെട്ട ശൂന്യവേതനാവധിയിൽ ഉപയോഗിക്കാത്ത കാലയളവായ 22/06/2020 മുതൽ 19/07/2020 വരെയുള്ള കാലയളവ് റദ്ദ് ചെയ്ത് നൽകണമെന്നും പരാമർശം (3) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് ശിപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 22/06/2020-ന് ജോലിയിൽ പുനഃപ്രവേശിച്ചിട്ടുള്ള ശ്രീ.ഹെൻറി നിക്കോളസ് -ന് പരാമർശം (1) ഉത്തരവ് പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയിൽ ടിയാൻ ഉപയുക്തമാക്കാത്ത 22/06/2020 മുതൽ 19/07/2020 വരെയുള്ള കാലയളവ് റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**VALSALA S D**
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീ. ഹെൻറി നിക്കോളാസ് (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **( AGRI-EA2/214/2019-AGRI)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ